**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 488** **30-01-2024 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണത്തിൽ നിന്നുമുള്ള നികുതി കുറയുന്നതിന്റെ കാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി. എസ്. ടി. നടപ്പിലായതിന് ശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെ സ്വർണ്ണ കള്ളക്കടത്ത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായതിന് ശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണകള്ളക്കടത്ത് നടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ പോലീസ് വളരെ ഗൗരവമായി കണ്ടുകൊണ്ട് പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കിയിരിക്കുന്നതിനാൽ വിമാനത്താവളങ്ങളിൽ നിന്ന് സുരക്ഷാ പരിശോധനകളെ മറികടന്ന് പുറത്ത് വരുന്ന വ്യക്തികളിൽ നിന്നുപോലും കേരള പോലീസ് സ്വർണ്ണം പിടികൂടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പോലീസ് മികവുറ്റ രീതിയിൽ പരിശോധനകളും മറ്റും നടത്തുന്നതിനാലാണ് ഇത്തരം കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ കാരണമാകുന്നത്. |
| (ബി) | കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഏറ്റവും അധികം കള്ളക്കടത്ത് സ്വർണ്ണം പിടികൂടിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മുൻപന്തിയിലാണ് എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായതിന് ശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണകള്ളക്കടത്ത് നടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ പോലീസ് വളരെ ഗൗരവമായി കണ്ടുകൊണ്ട് പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കിയിരിക്കുന്നതിനാൽ വിമാനത്താവളങ്ങളിൽ നിന്ന് സുരക്ഷാ പരിശോധനകളെ മറികടന്ന് പുറത്ത് വരുന്ന വ്യക്തികളിൽ നിന്നുപോലും കേരള പോലീസ് സ്വർണ്ണം പിടികൂടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പോലീസ് മികവുറ്റ രീതിയിൽ പരിശോധനകളും മറ്റും നടത്തുന്നതിനാലാണ് ഇത്തരം കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ കാരണമാകുന്നത്. |

| | | | |
|---|---|---|---|
| (സി) | ജി. എസ്. ടി. നടപ്പിലാക്കിയ ശേഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (സി) | സ്വർണ്ണത്തിൽ നിന്നുള്ള നികുതി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. GST IT സംവിധാനത്തിൽ ഒരു ചരക്കിൽ നിന്നോ സേവനത്തിൽ നിന്നോ കേരളത്തിൽ എത്ര വരുമാനം ലഭിച്ചു എന്നറിയാൻ കഴിയുന്ന സംവിധാനം നിലവിൽ ഇല്ല.<br><br>സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനം നികുതി നിരക്ക് ആയിരുന്നു. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനം ആയിട്ടാണ് നിർണ്ണയിച്ചത്. പ്രസ്തുത നികുതിയിൽ 1.5% മാത്രമാണ് സംസ്ഥാനത്തിന് അവകാശപ്പെട്ടത്. |
| (ഡി) | ഈ മേഖലയിലെ നികുതിശോഷണം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | GST IT സംവിധാനത്തിൽ ഒരു ചരക്കിൽ നിന്നോ സേവനത്തിൽ നിന്നോ കേരളത്തിൽ എത്ര വരുമാനം ലഭിച്ചു എന്നറിയാൻ കഴിയുന്ന സംവിധാനം നിലവിൽ ഇല്ല.<br><br>സ്വർണ്ണ വ്യാപാര മേഖലയിലെ വെട്ടിപ്പ് തടയുന്നതിന് ആവശ്യമായ ഇന്റലിജൻസ് വികസിപ്പിച്ച് സെർച്ച് നടത്തി നികുതി വെട്ടിപ്പ് തടയുന്നുണ്ട്. ഇതിനായി നിതാന്ത വാഹന പരിശോധനയും, ജ്വവലറികൾ, ഹാൾ മാർക്കിങ് സ്ഥാപനങ്ങൾ, സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ മുതലായവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണവും ഊർജ്ജിതമാക്കി വകുപ്പിലെ ഇന്റലിജൻസ്/എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ